യുവജനലോകം

നവംബർ 2026



നിങ്ങളെപ്പോലുള്ള യൗവനക്കാരെ പാപചേറ്റിൽ നിന്നും
സംരക്ഷിക്കാൻ പ്രാർത്ഥന എന്ന മതിൽ

പണിയുവിൻ!



ആമുഖം



പ്രിയപ്പെട്ട യൗവനക്കാരെ,
യേശുക്രിസ്തുവിന്റെ നാമത്തിൽ
എന്റെ സ്നേഹാശംസകൾ!

ഇന്നത്തെ സ്ഥിതിയിൽ യൗവനക്കാരുടെ ജീവിതം പരിശോധിക്കുമ്പോൾ, സാത്താൻ അവർക്കു നേരെ തൊടുത്തുവിടുന്ന അമ്പുകളും ആയുധങ്ങളും അവരെ അസ്ഥിരപ്പെടുത്തുകയാണ്. യുവാക്കൾക്ക് നേരിടുന്ന അപകടങ്ങളും വർദ്ധിച്ചുവരുന്നു.

നമ്മുടെ രാജ്യത്തും നഗരങ്ങളിലും സംഭവിക്കുന്ന തിന്മകൾ കൂടുതലും ബാധിക്കുന്നത് യുവാക്കളെയാണ്. പല തിന്മകളും യൗവനക്കാരിലൂടെയാണ് അരങ്ങേറുന്നത്. ഒരു വശത്ത് യൗവനക്കാരുടെ രക്തം ചിന്തപ്പെടുന്നു. മറുവശത്ത്, യൗവനക്കാരിലൂടെ രക്തം ചിന്തുന്നു.

കാരണം, വരാനിരിക്കുന്ന വലിയ ഉണർവിൽ കർത്താവ് യൗവനക്കാരെ ഉപയോഗിക്കുമെന്ന് ദുഷ്ടനായ പിശാചിന് അറിയാം. അതുകൊണ്ട് അവൻ യൗവനക്കാരെ ലക്ഷ്യം വച്ച്, അവരെ പാപം ചെയ്യുന്നവരും, മറ്റുള്ളവരെ ദ്രോഹിക്കുന്നവരുമാക്കി മാറ്റുന്നു.



ഇതെല്ലാം നെഹമ്യാവിന്റെ കാലത്ത് സംഭവിച്ചതിന് സമാനമായിരിക്കുന്നു. ജനം മഹാകഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു, മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവച്ച് ചുട്ടും കിടക്കുന്നു എന്ന് ഇസ്രായേൽ ജനങ്ങളുടെ അവസ്ഥയെക്കുറിച്ച് ഹനാനി അറിയിച്ചു.

ഇതുപോലെയാണ് നമ്മുടെ രാജ്യത്തിലും, യൗവനക്കാരുടെ ജീവിതത്തിൽ സംരക്ഷണ ഭിത്തിയില്ലാത്തതിനാൽ, ദുഷ്ടനായ സാത്താൻ അവരെ നിരവധി പാപങ്ങളിലും, മയക്കുമരുന്ന് എന്ന സംസ്കാരത്തിലേക്കും, കൊലപാതകത്തിലേക്കും, ലൈംഗികാഭിലാഷങ്ങളിലേക്കും വീഴ്ത്തിക്കൊണ്ടിരിക്കുന്നു.

അന്ന് ഒരു നെഹെമ്യാവ് എഴുന്നേറ്റ് മതിൽ പണിതതിനാൽ, ജനങ്ങളുടെ ജീവിതവും ഉപജീവനമാർഗ്ഗവും സംരക്ഷിക്കപ്പെട്ടു. ഇന്ന് നിങ്ങളും നെഹെമ്യാവിനെപ്പോലെ എഴുന്നേറ്റ്, നിങ്ങളെപ്പോലുള്ള യൗവനക്കാരെ സംരക്ഷിക്കാൻ പ്രാർത്ഥന എന്ന മതിൽ പണിയണം.

- നിങ്ങളുടെ പ്രാർത്ഥന, നിങ്ങളുടെ കോളേജിലുള്ള യൗവനക്കാരെ ഇത്തരം അപകടങ്ങളിൽ നിന്ന് സംരക്ഷിക്കും.
- നിങ്ങളുടെ കണ്ണുനീരോടെയുള്ള പ്രാർത്ഥന നിങ്ങളുടെ ജോലിസ്ഥലത്ത് സംരക്ഷണം നൽകും.
- നിങ്ങൾ കഠിനാധ്വാനം ചെയ്താൽ, ഒരു കൂട്ടം യൗവനക്കാരെ സാത്താന്റെ തന്ത്രങ്ങളിലും കെണിയിലും അകപ്പെടാതെ സംരക്ഷിക്കാൻ കഴിയും.

യൗവനക്കാരേ, നിങ്ങൾ നെഹെമ്യാവിനെപ്പോലെ മുട്ടുകുത്തിയാൽ, നിങ്ങളുടെ പ്രാർത്ഥനയിലൂടെ ദൈവസാന്നിധ്യം എല്ലാ കോളേജുകളിലും, സർവകലാശാലകളിലും, ജോലിസ്ഥലങ്ങളിലും ഒരു സംരക്ഷണ മതിലായിരിക്കും. ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുവിൻ!
തീജ്വാലപോലെ എഴുന്നേൽക്കുവിൻ!
കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്



Jose Hernandez ഒരു അമേരിക്കൻ എഞ്ചിനീയറും മുൻ **NASA** ബഹിരാകാശ സഞ്ചാരിയുമാണ്. 1962 ഓഗസ്റ്റ് 7ന് അമേരിക്കയിലെ കാലിഫോർണിയ സംസ്ഥാനത്തുള്ള ഫ്രഞ്ച് ക്യാമ്പ് എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ കുടുംബം മെക്സിക്കോയിലെ ഒരു കർഷകത്തൊഴിലാളി കുടുംബമായിരുന്നു. തന്റെ 12-ാം വയസ്സുവരെ **Jose**ന് ഇംഗ്ലീഷ് സംസാരിക്കാൻ അറിയില്ലായിരുന്നുവെങ്കിലും, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ അദ്ദേഹം ശാസ്ത്ര, എഞ്ചിനീയറിംഗ് മേഖലകളിൽ വലിയ താല്പര്യം കാണിച്ചു.

അദ്ദേഹം **University of the Pacific, University of California, Santa Barbara** എന്നിവിടങ്ങളിൽ നിന്ന് ഇലക്ട്രിക്കൽ ആന്റ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദം നേടി. പിന്നീട് **Lawrence Livermore National Laboratory**യിൽ ജോലി ചെയ്തു.

ഒരു ബഹിരാകാശ യാത്രികനാകുക എന്ന തന്റെ സ്വപ്നം സാക്ഷാത്കരിക്കാനായി അദ്ദേഹം **NASA** യിലേക്ക് പലതവണ അപേക്ഷിച്ചു. 11 തവണയാണ് അദ്ദേഹം നിരസിക്കപ്പെട്ടത്. എന്നാൽ ആ 11 തവണയും മടുത്തുപോകാതെ തന്റെ കഴിവുകൾ കൂടുതൽ വികസിപ്പിച്ചുകൊണ്ട് അദ്ദേഹം ശ്രമിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ, 2004ൽ **NASA** യുടെ ബഹിരാകാശ യാത്രികരുടെ പരിശീലനത്തിനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.



2006ൽ **Astronaut Candidate training** പൂർത്തിയാക്കിയശേഷം, 2009 ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 1 വരെ, **space shuttle Discovery STS - 128** ബഹിരാകാശ ദൗത്യത്തിൽ **mission specialist** ആയി അദ്ദേഹം പങ്കെടുത്തു. ഈ യാത്രയ്ക്കിടയിൽ അദ്ദേഹം അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിക്കുകയും 14 ദിവസത്തോളം ബഹിരാകാശത്ത് ചെലവഴിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതകഥയെ ആസ്പദമാക്കി **"A Million Miles Away"** എന്ന ചലിച്ചിത്രവും പുറത്തിറങ്ങിയിട്ടുണ്ട്.

ഇത് വായിക്കുന്ന യൗവനക്കാരെ, Josന്റെ ജീവിതം ദാരിദ്ര്യം
നിറഞ്ഞ സാഹചര്യങ്ങളും, ഭാഷാപരമായ തടസ്സങ്ങളും,
നിരവധി പരാജയങ്ങളും നിറഞ്ഞതായിരുന്നുവെങ്കിലും,
നിരന്തരമായ പരിശ്രമം, വിദ്യാഭ്യാസം, കഠിനാധ്വാനം
എന്നിവയിലൂടെ ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ
സാധിക്കുമെന്ന് നമുക്ക് കാണിച്ചുതരുന്നു .



യോസേഫ് സൗന്ദര്യമുള്ള ഒരു യുവാവായിരുന്നു. അവൻ ഈജിപ്തിൽ പോത്തീഫറിന്റെ വീട്ടിലായിരുന്നു കഴിഞ്ഞിരുന്നത്. പോത്തീഫർ തന്റെ ഭവനത്തിന്റെ എല്ലാ ചുമതലകളും യോസേഫിനെ ഏൽപ്പിച്ചിരുന്നു. പോത്തീഫറിന്റെ ഭാര്യയ്ക്ക് യോസേഫിനോട് തെറ്റായ ആഗ്രഹം തോന്നുകയും, ആ ആഗ്രഹം നിറവേറ്റാൻ അവനെ വിളിക്കുകയും ചെയ്തു. എന്നാൽ, യോസേഫ്, "എന്നെ സൃഷ്ടിച്ച ദൈവം എന്നെ അനുഗ്രഹമായിരിക്കാൻ തിരഞ്ഞെടുത്തിരിക്കുന്നു. കർത്താവ് എന്നെ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്" എന്ന ബോധ്യം ഉള്ളതുകൊണ്ട്, ആ പാപത്തിന് സ്ഥാനം നൽകാതെ അവിടെനിന്ന് ഓടിപ്പോടി.

യോസേഫിന് ഇത് എങ്ങനെ സാധിച്ചു?

"അവൻ തന്റെ വസ്ത്രം അവളുടെ കൈയിൽ വിട്ടേച്ചു പുറത്തേക്ക് ഓടിക്കളഞ്ഞു" (ഉൽപത്തി 39:12) എന്ന് വചനം പറയുന്നു. യോസേഫ് പാപത്തോട് എതിർത്തുനിന്ന് തർക്കിച്ചില്ല; അതിൽ നിന്ന് അകന്ന് ഓടുകയാണ് ചെയ്തത്. ദൈവം നിങ്ങളെക്കുറിച്ച് വലിയൊരു പദ്ധതി വച്ചിട്ടുണ്ട്. ഒരു വലിയ ദർശനം നിങ്ങൾക്കായി കരുതിയിട്ടുണ്ട്. നിങ്ങളെക്കൊണ്ട് വലിയൊരു കാര്യം ചെയ്യുവാൻ പോകുന്നു. പിശാച് ഇത് അറിഞ്ഞിരിക്കുന്നതുകൊണ്ട്, നിങ്ങളെ വഴിതെറ്റിക്കാനും, നിങ്ങളുടെ ദർശനത്തെ തകർത്തു കളയാനും, നിങ്ങളുടെ ഭാവി അനുഗ്രഹത്തെ നശിപ്പിക്കാനും, നിങ്ങളെ ശാപത്തിന് ഇരയാക്കാനും വേണ്ടി പാപ പരീക്ഷണങ്ങളും പാപക്കെണികളും കൊണ്ടുവരും എന്ന് മറന്നുപോകരുത്. "യൗവനമോഹങ്ങളെ വിട്ടോടി നീതിയും വിശ്വാസവും സ്നേഹവും ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനവും ആചരിക്ക" എന്ന് 2 തിമൊഥെയൊസ് 2:22ൽ പറയുന്നു.

പാപം എവിടെയോ ദൂരെയുള്ള ഒന്നാണെന്ന് ചിന്തിക്കരുത്. **"മുറുകെ പറ്റുന്ന പാപം വിട്ട് ... ഓടുക" (എബ്രായർ 12:1)** എന്ന് വേദപുസ്തകം പറയുന്നു! നിങ്ങൾ പഠിക്കുന്ന സ്ഥലത്തോ, ജോലി ചെയ്യുന്ന സ്ഥലത്തോ, നിങ്ങൾ താമസിക്കുന്ന സ്ഥലത്തോ, അല്ലെങ്കിൽ നിങ്ങൾ പോയി വരുന്ന സാഹചര്യങ്ങളിലോ നിങ്ങളെ പാപത്തിലേക്ക് വലിച്ചിഴയ്ക്കാൻ ചില സ്നേഹിതരെപ്പോലും പിശാച് ഒരുക്കി അയച്ചേക്കാം.



യൗവനപ്രായത്തിൽ ഒരു സമർപ്പണം!

ഈ യൗവനപ്രായത്തിൽ, "പാപത്തിന് സ്ഥാനം നൽകാൻ എനിക്ക് കഴിയില്ല" എന്ന് യോസേഫിനെപ്പോലെ നിങ്ങളും ഹൃദയത്തിൽ തീരുമാനിക്കുക.

യൗവന മോഹങ്ങളെ വിട്ടോടുക.



കർത്താവ് നിങ്ങളെ സഹായിക്കും. യോസേഫ് പാപത്തിൽ നിന്ന് അകന്ന് ഓടിയപ്പോൾ, കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു. അവൻ വിശ്വസ്തതയോടെ നടന്നതിനാൽ ദൈവം അവനെ അനുഗ്രഹിച്ചു.

നിങ്ങൾ പഠിക്കുന്ന സ്ഥലത്തും, ജോലി ചെയ്യുന്ന സ്ഥലത്തും ഉണ്ടാകുന്ന പരീക്ഷകളുടെ നടുവിലും നിങ്ങളെ വിശുദ്ധിയോടെ കാത്തുസൂക്ഷിക്കാൻ ദൈവം നിങ്ങളുടെ കൂടെയുണ്ടാകും. നിങ്ങളുടെ ജീവിതത്തെ കർത്താവിന്റെ കരങ്ങളിൽ ഏൽപ്പിക്കുവിൻ. വിശുദ്ധിയോടെ ജീവിക്കണമെന്ന ആഗ്രഹം നിങ്ങൾക്കുണ്ടെങ്കിൽ, അവിടുന്ന് നിങ്ങളെ കാത്തുസൂക്ഷിക്കും. പരീക്ഷണങ്ങളെ അതിജീവിക്കാൻ കർത്താവ് കൃപ നൽകും. കർത്താവിന് നിങ്ങളെ സംരക്ഷിക്കാൻ കഴിയും.



"അങ്ങ് എന്നെ കരം പിടിച്ച് നടത്തണമേ"

കർത്താവ് എന്നെ ശുശ്രൂഷയ്ക്കായി വിളിച്ചപ്പോൾ, "കർത്താവേ, യൗവനകാലത്ത് ഒരു ശുശ്രൂഷകൻ വിശുദ്ധിയോടെ ജീവിക്കുന്നത് പ്രയാസമാണ്. ഞാൻ അങ്ങയുടെ കരം പിടിച്ചാൽ ഒരുപക്ഷേ കൈവിട്ടുപോയേക്കാം. അങ്ങ് എന്റെ കരംപിടിച്ച് നടത്തുകയാണെങ്കിൽ ഞാൻ വരാം.

ഏതൊക്കെ പാപ പരീക്ഷകളും കഷ്ടതകളും വന്നാലും അങ്ങ് എന്നെ അവസാനം വരെ നയിക്കണം" എന്ന് ഞാൻ പറഞ്ഞു. 'നിന്റെ വലതുകൈ പിടിച്ച് ഞാൻ നിന്നെ നടത്തും' എന്ന് കർത്താവ് എനിക്ക് വാഗ്ദത്തം നൽകി. അന്ന് ഞാൻ എന്റെ ജീവിതം കർത്താവിന്റെ കരങ്ങളിൽ ഏൽപ്പിച്ചു. അന്നുമുതൽ കർത്താവ് എന്റെ കരംപിടിച്ച് നടത്തുന്നു. ശുശ്രൂഷാപാതയിൽ എത്രയോ പരീക്ഷകളും പോരാട്ടങ്ങളും വന്നപ്പോഴും, ഒരുനാളും കർത്താവ് എന്നെ കൈവിടാതെ ഇതുവരെ നടത്തിക്കൊണ്ടുവന്നു. ആ കർത്താവ് നിങ്ങളെയും നയിക്കും! പാപ പരീക്ഷകൾ കണ്ട് ഭയപ്പെടേണ്ട, നിങ്ങളെ വിശുദ്ധിയോടെ സൂക്ഷിക്കാൻ കർത്താവിന് കഴിയും. കർത്താവിനെ വിശ്വസിച്ച്, നിങ്ങളുടെ ജീവിതത്തെ കർത്താവിന്റെ കരങ്ങളിൽ ഏൽപ്പിക്കുവിൻ.

"എനിക്ക് സാധിക്കില്ല" എന്ന് പറയരുത്!

"ഇതൊക്കെ ഐടി മേഖലയിൽ ജോലി ചെയ്യുന്ന ഞങ്ങൾക്ക് ബുദ്ധിമുട്ടാണ്. മാസത്തിൽ ഒരു ദിവസം കൂട്ടുകാരോടൊപ്പം മദ്യപിച്ചാൽ മാത്രമേ മാനസിക സമ്മർദ്ദം കുറയ്ക്കാൻ കഴിയൂ. അതുകൊണ്ട് മദ്യപിക്കാതിരിക്കാൻ കഴിയില്ല" എന്ന് ചിന്തിക്കരുത്.

ദാനീയേലിന് സാധിച്ചെങ്കിൽ, യോസേഫിന് സാധിച്ചെങ്കിൽ നിങ്ങൾക്കും സാധിക്കും! കർത്താവ് നിങ്ങളോടുകൂടെ ഉണ്ടെങ്കിൽ തീർച്ചയായും സാധിക്കും.

"എന്നോടുകൂടെയുള്ള യേശു വിശുദ്ധനാണ്. ഞാൻ ഇത് തൊടില്ല" എന്ന് നിങ്ങൾക്ക് ധൈര്യത്തോടെ പറയാൻ കഴിയും.

കർത്താവിന് പ്രഥമസ്ഥനം നൽകാൻ നിങ്ങൾക്ക് സാധിക്കും. ചില കാര്യങ്ങളോട് **'No'** എന്ന് പറയേണ്ടിവരും. നിങ്ങൾ പറയുന്ന ആ **No** എന്ന വാക്കിനെ കർത്താവ് മാനിക്കും. നിങ്ങളുടെ ജീവിതം അനുഗ്രഹമായി മാറും.

പ്രിയപ്പെട്ട യൗവനക്കാരെ!

യോസേഫിനെ കർത്താവ് എങ്ങനെയാണോ ഉന്നതങ്ങളിൽ ഉയർത്തി മാനിച്ചത്, അതുപോലെ നിങ്ങളെയും ഉയർത്തുവാൻ പോവുകയാണ്. നിങ്ങളെ ഈ ദേശത്തിന് ഒരു അനുഗ്രഹമാക്കി മാറ്റാൻ പോവുകയാണ്. എന്നാൽ, ആ അനുഗ്രഹത്തിന്റെ പാതയിൽ വിശുദ്ധി വളരെ പ്രധാനമാണ്. യോസേഫ് പാപത്തെ വിട്ടോടിയതുപോലെ, നിങ്ങളും പാപത്തെ വിട്ടോടണം!

എഴുന്നേറ്റ് പണിയാം



ഒരു തലമുറയെ മാറ്റിയെടുക്കാൻ ആയിരക്കണക്കിന് ആളുകളുടെ ആവശ്യമില്ല. ചില സമയങ്ങളിൽ, ദൈവത്തിന്റെ ഹൃദയം മനസ്സിലാക്കി, ദൈവവേലയ്ക്കായി എഴുന്നേൽക്കുന്ന ഒരൊറ്റ മനുഷ്യനിലൂടെ കർത്താവ് തന്റെ പദ്ധതികൾ പൂർത്തിയാക്കും. കർത്താവിന്റെ ഹൃദയഭാരം മനസ്സിലാക്കി പ്രവർത്തിച്ച ഒരു മനുഷ്യനായിരുന്നു നെഹെമ്യാവ്.



യെരൂശലേമിന്റെ മതിൽ ഇടിഞ്ഞതും, അതിന്റെ വാതിലുകൾ തീവച്ച് നശിപ്പിക്കപ്പെട്ടതും, ആ ദേശത്തുള്ളവർ മഹാകഷ്ടത്തിലും നിന്ദയിലും കഴിയുന്നു എന്നതും നെഹെമ്യാവിന് വലിയൊരു ഭാരമായിരുന്നു. ജനങ്ങളോട് സഹതാപ ഹൃദയവും, അവരെപ്പറ്റി അന്വേഷിക്കുന്ന ഒരു മനസ്സും ഉണ്ടായിരുന്നതുകൊണ്ട്, അവൻ രാജകൊട്ടാരം വിട്ട് ജനങ്ങളെ അന്വേഷിച്ചുപോയി.

ഇന്നത്തെ കാലത്തും നമുക്ക് ചുറ്റും അനേകം യൗവനക്കാർ പാപത്തിലും ശാപത്തിലും അടിമത്തത്തിലും കുടുങ്ങിക്കിടക്കുന്നു. പ്രത്യാശയില്ലാത്ത അവസ്ഥയിലാണ് അവർ ജീവിക്കുന്നത്. അവരുടെ കുടുംബജീവിതം തകർന്ന നിലയിലാണ്. പലരും കണ്ണുനീരോടെയാണ് ദിനരാത്രങ്ങൾ കഴിക്കുന്നത്. എന്നാൽ നിങ്ങൾ നെഹെമ്യാവിനെപ്പോലെ മറ്റുള്ളവരെക്കുറിച്ച് അന്വേഷിക്കുന്ന ഹൃദയമുള്ളവരായിരിക്കണം എന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. അവരുടെ കുടുംബത്തെ പണിയുവാൻ നിങ്ങൾ എഴുന്നേറ്റ് പുറപ്പെടുമ്പോൾ, അനേകരുടെ ജീവിതം പണിയപ്പെടും.

നെഹെമ്യാവ് സുഖസൗകര്യങ്ങൾ നിറഞ്ഞ കൊട്ടാരജീവിതം ഉപേക്ഷിച്ച്, പല മൈലുകൾ സഞ്ചരിച്ച് , അനേകരുടെ ജീവിതം പണിയുവാനായി പുറപ്പെട്ട് പോയി. നിങ്ങളുടെ സമയം സോഷ്യൽ മീഡിയകളിലും കൂട്ടുകാരോടൊപ്പവും നഷ്ടപ്പെടുത്താതെ, ആവശ്യക്കാരായ ജനങ്ങളെ അന്വേഷിച്ച് പോയി അവരുടെ ജീവിതത്തെ പടുത്തുയർത്തുവാൻ പ്രയത്നിക്കുവിൻ.



"ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും?" (യെശയ്യാവ് 6:8) എന്ന് ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട്, "അടിയൻ ഇതാ അടിയനെ അയയ്ക്കേണമേ" (യെശയ്യാവ് 6:8) എന്ന് നിങ്ങളെത്തന്നെ സമർപ്പിക്കുമ്പോൾ, കർത്താവ് നിങ്ങളെ ഉപയോഗിക്കുന്നത് കാണാൻ സാധിക്കും.



പാപത്തിലും ശാപത്തിലും അകപ്പെട്ട്, കഷ്ടതയനുഭവിക്കുന്ന നമ്മുടെ ദേശത്തെ ജനങ്ങളുടെ ജീവിതം കെട്ടിപ്പടുക്കുന്നതിനായി കർത്താവ് അനേകം മിഷനറിമാരെ അയച്ചു. തകർന്നുപോയ കുടുംബങ്ങൾ അവർ മുഖാന്തരം പുനരുദ്ധരിക്കപ്പെട്ടു. അവരിൽ ഏറ്റവും പ്രധാനപ്പെട്ട ഒരാളായിരുന്നു വില്യം കേരി. തന്റെ കാലഘട്ടത്തിൽ ഇന്ത്യൻ ജനതയുടെ മദ്ധ്യത്തിൽ സുവിശേഷം എത്തിക്കണമെന്ന വലിയ ഹൃദയഭാരത്തോടെ അദ്ദേഹം ഇന്ത്യയിലേക്ക് വരികയും, ഇന്ത്യൻ ഭാഷകൾ പഠിച്ചെടുത്ത് വിവർത്തന ജോലികളിൽ ഏർപ്പെടുകയും ചെയ്തു. അങ്ങനെ അനേകരുടെ ജീവിതങ്ങളെ കെട്ടിപ്പടുക്കാൻ അദ്ദേഹം കർത്താവിന്റെ ഒരു ഉപകരണമായി മാറി.

അദ്ദേഹം പ്രതീക്ഷിച്ചതുപോലെ കാര്യങ്ങളെല്ലാം അത്ര എളുപ്പമായിരുന്നില്ല. പുതിയ ഭാഷ, പുതിയ സംസ്കാരം, നഷ്ടങ്ങൾ, സാഹചര്യങ്ങളുടെ മാറ്റം എന്നിങ്ങനെ നിരവധി വെല്ലുവിളികൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നു. എന്നാൽ ഇവയിലെല്ലാം നെഹെമ്യാവിനെപ്പോലെ മനോധൈര്യത്തോടെ നിലനിന്ന് വില്യം കേരി ദൈവത്തിന്റെ പദ്ധതികൾ പൂർത്തീകരിച്ചു.

നിങ്ങളുടെ ജീവിതത്തിലും ദൈവഹിതം നിറവേറാൻ കഴിയാത്തവിധം നിരവധി വെല്ലുവിളികൾ ഉണ്ടായേക്കാം. എങ്കിലും നിങ്ങൾ നെഹെമ്യാവിനെപ്പോലെ, "ഞാൻ ഒരു വലിയ വേല ചെയ്തുവരുന്നു" (നെഹെമ്യാവ് 6:3) എന്ന നിശ്ചയത്തോടെ കർത്താവിനുവേണ്ടി പ്രവർത്തിക്കുവിൻ.

നിങ്ങൾ താമസിക്കുന്ന സ്ഥലം, പഠിക്കുന്ന സ്കൂൾ, കോളേജ്, ജോലിചെയ്യുന്ന സ്ഥലം എന്നിവയെല്ലാം നിങ്ങളുടെ ശുശ്രൂഷാ വേദിയായി മാറട്ടെ. കർത്താവ് നിങ്ങൾക്ക് നൽകിയ വിദ്യാഭ്യാസം, ജ്ഞാനം, സൗകര്യങ്ങൾ, അവസരങ്ങൾ എന്നിവയെല്ലാം കർത്താവിന് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കുവിൻ.

കർത്താവ് തനിക്ക് നൽകിയ സൗകര്യങ്ങളെയും അവസരങ്ങളെയും നെഹെമ്യാവ് കൃത്യമായി വിനിയോഗിച്ചതുകൊണ്ട്, അടിമത്തത്തിലായിരുന്ന ജനങ്ങൾ വിടുവിക്കപ്പെട്ടു. കർത്താവ് നിങ്ങൾക്ക് തന്നിട്ടുള്ള സമയവും കഴിവുകളും യൗവനവും തകർന്നുപോയ ജനങ്ങളുടെ ജീവിതം കെട്ടിപ്പടുക്കുന്നതിനായി ഉപയോഗിക്കുവിൻ.

വെല്ലുവിളികൾ കണ്ട് പിന്തിരിയാതെ, 'എഴുന്നേറ്റ് പണിയാം' എന്നു പറഞ്ഞ് മുന്നോട്ട് പോകുവിൻ. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:20) എന്ന് അരുളിച്ചെയ്ത കർത്താവ് നിങ്ങളോടുകൂടെയിരുന്ന് അനേകരുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തും.

പ്രിയപ്പെട്ട യൗവനക്കാരെ, തകർന്നുപോയ അനേകരുടെ ജീവിതങ്ങളെ പുനരുദ്ധരിക്കാനും, സുവിശേഷം അറിയിക്കാനും, ഇരുളിൽ കഴിയുന്ന ജനങ്ങൾക്ക് വെളിച്ചം കാണിച്ചുകൊടുക്കുവാനും, വഴിതെറ്റിപ്പോയ യൗവനക്കാരെ ശരിയായ പാതയിൽ നടത്തുവാനും കർത്താവിന് നിങ്ങളെ ആവശ്യമുണ്ട്.



അതുകൊണ്ട്, നിങ്ങൾ ഭയപ്പെടാതെയും, മടിക്കാതെയും അനേകരുടെ ജീവിതങ്ങളെ കെട്ടിപ്പടുക്കുവാൻ ഇന്നുതന്നെ പുറപ്പെടുവിൻ. കർത്താവ് നിങ്ങളോടുകൂടെയിരുന്ന് വലിയ കാര്യങ്ങൾ ചെയ്യും!



നമ്മുടെ ശരീരം അത്ഭുതകരമായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെങ്കിലും, നമ്മെ സൃഷ്ടിച്ചവനിൽ തന്നെയാണ് നാം ആശ്രയിച്ചിരിക്കുന്നത് എന്ന് അത് കാണിച്ചുതരുന്നു. നമ്മുടെ ശരീരത്തിന്റെ ഓരോ ഘടനയും മനുഷ്യന്റെ ഉള്ളിൽ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങളെയും, കർത്താവുമായുള്ള ബന്ധം വീണ്ടും ശരിയാക്കേണ്ടതിന്റെ ആവശ്യകതയെയും ചൂണ്ടിക്കാണിക്കുന്നു. അത് എങ്ങനെയെന്ന് ഈ പംക്തിയിലൂടെ നമുക്ക് നോക്കാം.

നാം ശരിയായി കേൾക്കാൻ എന്താണ് വേണ്ടത്?

വായു തരംഗങ്ങൾ

The Mirror: വായു തരംഗങ്ങളിലൂടെ വരുന്ന വൈബ്രേഷനുകളെ ചെവിയിലെ അതിസൂക്ഷ്മമായ **stereo cilia** വൈദ്യുത സിഗ്നലുകളാക്കി മാറ്റുന്നു. ഇതാണ് നമ്മുടെ തലച്ചോറ് ശബ്ദമായി തിരിച്ചറിയുന്നത്.

Tha Deficit: തുടർച്ചയായ അമിത ശബ്ദം ചെവിയിലെ കർണ്ണപടത്തെ കേടുവരുത്തുകയും, ചെറിയ ശബ്ദങ്ങൾ പോലും കേൾക്കാനുള്ള ശേഷി കുറയ്ക്കുകയും ചെയ്തേക്കാം.

The Light: വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17) നമ്മുടെ ഉള്ളം കേൾക്കേണ്ട യഥാർത്ഥ ശബ്ദം ക്രിസ്തുവിന്റെ വചനമാണ്. മത്തായി 12:34, ലൂക്കൊസ് 6:35.

The Jamming Signal: തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന **notifications, social media, music, streaming** കൂടാതെ ലോകത്തിന്റെ പലവിധ ശബ്ദങ്ങളും നമ്മുടെ ഉള്ളിൽ നിറയ്ക്കുകയും, ദൈവശബ്ദം കേൾക്കാനുള്ള ആന്തരിക ശേഷിയെ ഇത് സാവധാനം മന്ദമാക്കുകയും ചെയ്യുന്നു.




The Diagnostic: ഞാൻ ക്രിസ്തുവിന്റെ ശബ്ദം കേൾക്കുന്നതിൽ വളരുകയാണോ, അതോ ലോകത്തിന്റെ ശബ്ദങ്ങൾ എന്റെ ഹൃദയത്തെ "കേൾവിയിൽ മന്ദതയുള്ളതാക്കി" മാറ്റിയിരിക്കുകയാണോ? എന്ന് ചിന്തിച്ചുനോക്കൂ - എബ്രായർ 5:11.

The Cure: ഒരു വസ്തുവിന് എന്തെങ്കിലും തകരാർ സംഭവിച്ചാൽ, അത് നിർമ്മിച്ചയാളുടെ അടുത്ത് തന്നെ കൊണ്ടുപോയി ശരിയാക്കണം. അതുപോലെ, നമ്മെ സൃഷ്ടിച്ച ക്രിസ്തു തന്നെയാണ് നമ്മുടെ യഥാർത്ഥ ആവശ്യവും പരിഹാരവും. പാപം നിമിത്തം നമുക്കുണ്ടായ പ്രശ്നങ്ങൾ സ്വന്തമായി പരിഹരിക്കാൻ നമുക്ക് കഴിയില്ല. നാം അനുഭവിക്കേണ്ടിയിരുന്ന ശിക്ഷ യേശു നമുക്കുവേണ്ടി ക്രൂശിൽ ഏറ്റെടുത്തു (യെശയ്യാവ് 53:5). യേശുക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റതിലൂടെ നമ്മെ ദൈവവുമായി അനുരഞ്ജിപ്പിക്കുകയും ദൈവത്തിലൂടെയുള്ള നിത്യമായൊരു ബന്ധം നമുക്ക് നൽകുകയും ചെയ്തു (റോമർ 5:10-11). ക്രിസ്തു ഒരു പരിഹാരം മാത്രമല്ല, ക്രിസ്തു തന്നെയാണ് നമ്മുടെയെല്ലാം.

The Restored Signal: "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു ... അവ എന്നെ അനുഗമിക്കയും ചെയ്യുന്നു" (യോഹന്നാൻ 10:27). പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കുന്ന **Master Creator**, നിങ്ങളുടെ ഹൃദയത്തെ **reset** ചെയ്യാനായി തന്റെ വചനം അയക്കും. ക്രിസ്തു നിങ്ങളുടെ **signal reset** ചെയ്യുമ്പോൾ, ഈ ലോകസംസ്കാരത്തിന്റെ തെറ്റായ ശബ്ദങ്ങൾക്കപ്പുറം കർത്താവിന്റെ ശബ്ദം തിരിച്ചറിയാനുള്ള ഒരു പുതിയ **spiritual capacity** നിങ്ങളുടെ ഹൃദയത്തിന് നൽകും.

യോഹന്നാൻ സ്നാപകനെക്കുറിച്ച് ഓർത്തുനോക്കൂ. അവൻ മരുഭൂമിയിൽ താമസിച്ച്, ആ **supreme voice** തിരിച്ചറിയാൻ പഠിച്ചു! ആ മരുഭൂമിയിൽ വച്ചുതന്നെ അവൻ ദൈവത്തിന്റെ ശബ്ദമായി മാറി (യോഹന്നാൻ 1:23).

Prayer: കർത്താവായ യേശുവേ, എന്റെ ചുറ്റുമുള്ള കോലാഹലങ്ങളെയും എന്റെ ഉള്ളിലുള്ള പാപത്തെയും നീക്കിത്തരേണമേ! എന്റെ ഹൃദയത്തെ പുതുക്കി, അങ്ങയുടെ വചനത്തിലൂടെ



അങ്ങയുടെ ശബ്ദം വ്യക്തമായി കേൾക്കാൻ എന്നെ സഹായിക്കേണമേ. അങ്ങയെ അനുഗമിക്കാനും മറ്റുള്ളവരെ അങ്ങയിലേക്ക് നയിക്കാനും എന്നെ സഹായിക്കേണമേ.

നിങ്ങളുടെ ഭാഗം: ചെവികളുടെ പടിവാതിൽക്കൽ ആത്മാവിന്റെ വാളേന്തിയ കാവൽക്കാരനായി നിലകൊള്ളുവിൻ.

ദൈവത്തിന്റെ ഭാഗം: നിങ്ങളുടെ ഹൃദയം കർത്താവ് വസിക്കുന്ന സ്ഥലമാണ്; സത്യദൈവമായ കർത്താവ് അതിനെ കാത്തുസൂക്ഷിക്കും.

ശബ്ദകോലാഹലങ്ങളിൽ കുടുങ്ങിപ്പോകരുത്; ക്രിസ്തുവിനോട് ചേർന്നിരിക്കുവിൻ!

ലോകത്തിനപ്പുറം ചിന്തിച്ച്, ജീവനുള്ള വചനം സംസാരിക്കുവിൻ!

നിന്റെ ശബ്ദം - ലോകത്തിന്റെ കോലാഹലങ്ങളെ കീറിമുറിക്കട്ടെ; ഒരു തലമുറ യേശുവിന്റെ ശബ്ദം കേൾക്കാൻ ഇടയാകട്ടെ!

"ഈ തിരക്കുപിടിച്ച ലോകത്തിന്റെ ബഹളങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും, നമ്മുടെ ആത്മാവിനുള്ളിൽ മുഴങ്ങുന്ന കർത്താവിന്റെ സൗമ്യമായ ശബ്ദത്തെ മുക്കിക്കളയാൻ കഴിയില്ല." **C.H. Spurgeon.**

...Signal Reset തുടരും ...

ഒരു ജീവിതം... ഒരു വിളി



അവൾ സമ്പത്തോ, അധികാരമോ, സുരക്ഷിതത്വമോ തിരഞ്ഞെടുത്ത് പോയില്ല. എന്നാൽ ക്രിസ്തുവിനെ തന്റെ ജീവിതത്തിലേക്ക് ചേർത്തുപിടിച്ച് മുന്നോട്ടുപോയി. അവൾ പോയ സ്ഥലങ്ങളിൽ, അവളുടെ ജീവിതം ഒരു മായാത്ത മുദ്ര പതിപ്പിച്ചു. അവൾ ആരാണെന്ന് അറിയാമോ? **മേരി സ്ലെസ്സർ.**



സ്കോട്ടലൻഡിലെ അബർഡീൻ എന്ന സ്ഥലത്ത് ഒരു സാധാരണ കുടുംബത്തിലാണ് മേരി സ്ലെസ്സർ ജനിച്ചത്. അവളുടെ പിതാവ് ജോൺ സ്ലെസ്സർ ഒരു ചെരുപ്പുകുത്തിയായിരുന്നു. അവളുടെ അമ്മയുടെ പേര് മേരി എന്നാണ്. കുടുംബത്തിൽ കടുത്ത ദാരിദ്ര്യമായിരുന്നതുകൊണ്ട്, മേരിക്ക് 11-ാം വയസ്സിൽ തന്നെ തുണിമില്ലിൽ ജോലിക്ക് പോകേണ്ടിവന്നു. എന്നാൽ, ആ ചെറിയ പ്രായത്തിലും ദൈവത്തിനായി എന്തെങ്കിലും ചെയ്യണം എന്ന ആഗ്രഹം അവളുടെ മനസ്സിൽ ഉണ്ടായിരുന്നു.



ആഫ്രിക്കയിലെ അപകടം നിറഞ്ഞ കാടുകളിലേക്ക് അവൾ എന്തിനാണ് പോയത്?

മേരി സ്ലെസ്സർ (1848-1915) ചെറുപ്പത്തിൽ തന്നെ തന്റെ ഭക്തയായ അമ്മയിലൂടെ ക്രിസ്തുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. ഡേവിഡ് ലിവിങ്സ്റ്റണിന്റെ ജീവിതം അവളെ വളരെയധികം സ്വാധീനിച്ചു. അതുകൊണ്ട്, അവളുടെ മനസ്സിൽ ഒരു ചോദ്യം നിരന്തരം ഉയർന്നുകൊണ്ടിരുന്നു.

"ദൈവത്തിനുവേണ്ടി എനിക്ക് എന്ത് ചെയ്യാൻ കഴിയും?" ഈ ചോദ്യത്തോടെ വളർന്നുവന്ന മേരി, 1876ൽ തന്റെ 28-ാം വയസ്സിൽ നൈജീരിയയിലെ കലാബാർ എന്ന സ്ഥലത്തേക്ക് പോയി.




അവിടെ മിഷൻ സ്റ്റേഷനിൽ മാത്രം ഒതുങ്ങി ജോലി ചെയ്യാതെ, ജനങ്ങളിൽ ഒരാളായി അവൾ മാറി. അവരുടെ എഫിക് ഭാഷ പഠിച്ചെടുത്തു. കുട്ടികളെ അത് പഠിപ്പിക്കുകയും ചെയ്തു. രോഗികളെ പരിചരിച്ചു. സ്ത്രീകളെ സംരക്ഷിച്ചു. സുവിശേഷം അറിയിക്കുകയും ചെയ്തു.

എന്നാൽ, ജനങ്ങൾ നെഞ്ചോട് ചേർത്തുപിടിക്കാൻ കാരണം ഇതൊന്നുമല്ല. ഇരട്ടക്കുട്ടികൾ ജനിച്ചാൽ അവരെ കൊന്നുകളയുന്ന ഒരു ക്രൂരമായ ആചാരം അക്കാലത്ത് അവിടെ നിലനിന്നിരുന്നു. ഇതുകണ്ട മേരിക്ക് നിശ്ശബ്ദയായിരിക്കാൻ കഴിഞ്ഞില്ല. സമുദായത്താൽ ഉപേക്ഷിക്കപ്പെട്ട ആ കുഞ്ഞുങ്ങളെ അവൾ തന്റെ കൂടെ കൂട്ടി. അവരെ പരിചരിച്ചു, സംരക്ഷിച്ചു, തന്റെ ഭവനത്തെ ആ കുഞ്ഞുങ്ങളുടെ അഭയകേന്ദ്രമാക്കി മാറ്റി. ക്രമേണ, മേരി ഒരു മിഷനറി മാത്രമല്ല, ആ നാട്ടിലെ ജനങ്ങൾക്ക് ഒരു അമ്മയായി മാറി. അതുകൊണ്ട് ജനങ്ങൾ അവളെ **" Ma Akamba - The Great Mother"** എന്ന് വിളിക്കാൻ തുടങ്ങി.



എന്നാൽ, ഈ പേരിന് പിന്നിലുണ്ടായിരുന്ന ജീവിതം വളരെ ദുഷ്കരമായിരുന്നു. മലേറിയ ബാധിച്ചു. ഏകാന്തത അവളെ തളർത്തി. അപകടം നിറഞ്ഞ സ്ഥലങ്ങളിലേക്ക് സഞ്ചരിച്ചു. ഗോത്രവർഗ്ഗക്കാർക്കിടയിൽ സംഘർഷങ്ങൾ ഉണ്ടായപ്പോൾ, അവർക്കിടയിൽ പോയി സമാധാനം സ്ഥാപിക്കേണ്ട സാഹചര്യങ്ങളുണ്ടായി. ഇത്രയേറെ കഷ്ടപ്പാടുകൾ ഉണ്ടായിട്ടും മേരി പിന്മാറിയില്ല. "എന്റെ ഒരേയൊരു ആശ്വാസം പ്രാർത്ഥനയാണ്" എന്ന് ഒരിക്കൽ അവൾ എഴുതുകയുണ്ടായി.





സാഹചര്യങ്ങളിലല്ല, ദൈവത്തിലായിരുന്നു അവൾ വിശ്വസിച്ചിരുന്നത്. പിന്നീട് അവൾ അതിലും ഇരുണ്ട പ്രദേശമായ Okoyong എന്ന സ്ഥലത്തേക്ക് പോയി. അവിടെയും ജനങ്ങൾക്കായി സേവനം ചെയ്തു. സമാധാനം സ്ഥാപിച്ചു. കുഞ്ഞുങ്ങളെ സംരക്ഷിച്ചു. അവർക്ക് അറിവ് പകർന്നു നൽകി. സുവിശേഷം അറിയിച്ചു. അതിനാൽ ജനങ്ങൾ അവളെ "Queen of Okoyong" എന്ന് വിളിച്ചു. എന്നാൽ അവൾക്ക് യഥാർത്ഥ കിരീടം ഒന്നും ഉണ്ടായിരുന്നില്ല, അവളുടെ ശക്തി പ്രാർത്ഥനയായിരുന്നു.

മലേറിയയും മറ്റ് നിരവധി ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നിട്ടും "സുവാർത്ത അറിയിക്കാൻ ക്രിസ്തു എന്നെ അയച്ചിരിക്കുന്നു. അതിന്റെ ഫലങ്ങൾ കർത്താവ് നോക്കിക്കൊള്ളും" എന്ന് മേരി പറഞ്ഞു. 1915ൽ മേരി മരണപ്പെട്ടു. അതോടെ അവളുടെ ജീവിതം അവസാനിച്ചില്ല. അവൾ ചെയ്ത വലിയ കാര്യങ്ങൾ ഇന്നും തുടർന്നുകൊണ്ടിരുന്നു.

"Give up your whole being to create music everywhere, in the light places and in the dark places, and your life will make melody" എന്ന് മേരി ഒരിക്കൽ തന്റെ സ്നേഹിതനോട് പറയുകയുണ്ടായി. ഇതാണ് മേരി സ്ലെസ്സറിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്ന പാഠം. അവൾ സുഖകരമായ ജീവിതം തിരഞ്ഞെടുത്തില്ല. ചുറ്റുമുള്ള ആളുകളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, അവർക്കായി അവൾ തന്റെ ജീവിതം സമർപ്പിച്ചു.





മേരിയുടെ ജീവിതം ഇന്ന് നമ്മോട് ഒരു ചോദ്യം ചോദിക്കുന്നു: നിങ്ങളുടെ ജീവിതം ലോകത്തിനുവേണ്ടിയാണോ? അതോ ക്രിസ്തുവിനുവേണ്ടിയാണോ? നിങ്ങളുടെ പ്രായം, പശ്ചാത്തലം, നിങ്ങളുടെ ബലഹീനത എന്തായാലും ശരി, അത് ദൈവത്തിന്റെ വിളിക്ക് ഒരു തടസ്സമായിരിക്കേണ്ടതില്ല. നിങ്ങളുടെ ജീവിതത്തെ മുഴുവനായി ക്രിസ്തുവിന് സമർപ്പിച്ചാൽ, നിങ്ങൾ ആയിരിക്കുന്ന സ്ഥാനത്ത് ഒരു melody രൂപപ്പെടും!



സ്വപ്നമോ? ആശയക്കുഴപ്പമോ?

തീരുമാനം നിന്റെ കൈകളിൽ!



ഞാൻ 12-ാം ക്ലാസിൽ പഠിക്കുകയാണ്. ഞങ്ങൾ പരമ്പരാഗത ക്രൈസ്തവ കുടുംബമാണ്. ഞാനും എന്റെ ചേച്ചിയും പ്രാർത്ഥിക്കുകയും വചനം വായിച്ച് സമർപ്പിക്കുകയും ചെയ്താൽ മാത്രമേ ഭക്ഷണം ലഭിക്കുകയുള്ളൂ. വളരെ അച്ചടക്കത്തോടെയാണ് ഞങ്ങൾ വളർന്നത്. ഇപ്പോൾ എന്റെ സഹോദരി വിവാഹം കഴിഞ്ഞ് വിദേശത്ത് താമസിക്കുന്നു. ഒരു ഡോക്ടറാകണം എന്നതാണ് എന്റെ സ്വപ്നം. അതിനായി ഞാൻ 12-ാം ക്ലാസിലെ വിഷയങ്ങൾ ശ്രദ്ധാപൂർവ്വം കഠിനാധ്വാനത്തോടെ പഠിച്ചിരുന്നു. എന്നോടൊപ്പം പഠിക്കുന്ന സഹപാഠിയോട് വിഷയത്തെക്കുറിച്ച് പലപ്പോഴും ഞാൻ സംസാരിച്ചിരുന്നു. കാലക്രമേണ ഞങ്ങളുടെ സൗഹൃദം പ്രണയമായി മാറിയോ എന്ന് എനിക്കറിയില്ല. എനിക്ക് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല. എപ്പോഴും ആ വ്യക്തിയോട് സംസാരിച്ചാൽ നന്നായിരിക്കും എന്ന് തോന്നുന്നു. ഇക്കാരണത്താൽ, കഴിഞ്ഞ പരീക്ഷയിൽ ഞാൻ രണ്ട് വിഷയങ്ങളിൽ പരാജയപ്പെട്ടു. ഇത് എന്റെ അധ്യാപകർക്ക് വളരെ ആശ്ചര്യമായിരുന്നു. "പത്താം ക്ലാസിൽ സ്കൂളിൽ ഒന്നാം സ്ഥാനം നേടിയ നീ, ഇപ്പോൾ രണ്ട് വിഷയങ്ങളിൽ പരാജയപ്പെട്ടതിനാൽ നിന്റെ ശ്രദ്ധ എവിടെയോ ചിതറിക്കിടക്കുകയാണ്. ശ്രദ്ധിച്ചിരിക്കണം" എന്ന് അധ്യാപകർ എന്നോട് പറഞ്ഞപ്പോൾ, എനിക്ക് വളരെ സങ്കടം തോന്നി. അതേസമയം, ഈ ബന്ധത്തിൽ നിന്ന് ഞാൻ എങ്ങനെ രക്ഷപ്പെടും? എനിക്ക് വീണ്ടും എഴുന്നേൽക്കാൻ കഴിയുമോ? ഒരു ഡോക്ടറായി എന്റെ നഗരത്തിന് ഒരു അനുഗ്രഹമാകണമെന്ന എന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുമോ? ദയവായി എന്നെ സഹായിക്കൂ - രാഹുൽ, മൈസൂർ.

പ്രിയപ്പെട്ട സഹോദരാ,

നിങ്ങളുടെ അവസ്ഥ എനിക്ക് നന്നായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച്, സ്വഭാവഗുണങ്ങളോടെ വളർന്നുവന്ന നിങ്ങൾ ഇപ്പോൾ ഒരു പ്രതിസന്ധി നേരിടുകയാണ്.

കൗമാരപ്രായത്തിൽ ഇത്തരം ആകർഷണങ്ങൾ ഉണ്ടാകുന്നത് തികച്ചും സ്വാഭാവികമാണ്. എന്നാൽ ഈ വൈകാരികതയെ ശരിയായ രീതിയിൽ കൈകാര്യം ചെയ്താൽ തീർച്ചയായും വിജയം നേടാൻ കഴിയും. കൂടാതെ, നിങ്ങളുടെ അശ്രദ്ധയും, പരിശീലനക്കുറവും, ലക്ഷ്യബോധത്തോടെ പഠിക്കാതിരുന്നതും ഇപ്പോൾ നേരിട്ട പരാജയത്തിന് പ്രധാന കാരണമായിരിക്കാം. എല്ലാ വിദ്യാർത്ഥികളും ജൂൺ ആരംഭിക്കുമ്പോൾ, നന്നായി പഠിക്കണം, ഉയർന്ന മാർക്ക് വാങ്ങണം എന്ന

ലക്ഷ്യത്തോടെയാണ് സ്കൂളിലേക്ക് പോകുന്നത്. എന്നാൽ മാസങ്ങൾ കടന്നുപോകുമ്പോൾ ചില **Disturbance**, ചില **Deviation**, എന്നിങ്ങനെ തുടങ്ങി അവസാനം അത് വലിയൊരു **Destruction**ൽ അവസാനിക്കുന്നു.

രാഹുൽ, ആരും വലിയ പാറക്കല്ലുകളിൽ തട്ടി വീഴാറില്ല. എന്നാൽ പലരും ചെറിയ കല്ലുകളിൽ തട്ടിവീഴുന്നു. അതുപോലെയാണ് ചെറിയ അശ്രദ്ധകൾ പോലും വലിയ വീഴ്ച്ചയ്ക്ക് കാരണമാകുന്നത്. പലരും ഈ അശ്രദ്ധ നിമിത്തം വഴിതെറ്റിപ്പോയിട്ടുണ്ട്.

രാഹുൽ ഈ പ്രണയം എന്ന വലയത്തിൽ നിന്നും പുറത്തുവരാൻ നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ, തീർച്ചയായും നിങ്ങൾക്ക് അതിന് സാധിക്കും. വീണ്ടും ഒരു പുതിയ തുടക്കം നിങ്ങളുടെ പഠനത്തിൽ ഉണ്ടാക്കിയെടുത്താൽ, വിജയം സുനിശ്ചിതമാണ്. മനസ്സ് മടത്തുപോകേണ്ട ആവശ്യമില്ല.

നിങ്ങളുടെ ഡോക്ടർ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ചില ടിപ്പുകൾ:



- എന്റെ ഡോക്ടർ പഠനം പൂർത്തിയാകുന്നതുവരെ, മറ്റ് ഒന്നിന്റെയും പിന്നാലെ പോയി എന്റെ ശ്രദ്ധ തിരിക്കില്ല എന്ന് ആദ്യം തന്നെ ഒരു ഉറച്ച തീരുമാനം എടുക്കണം.



- ആ വിദ്യാർത്ഥിനിയുമായുള്ള അടുത്ത സൗഹൃദം തീർച്ചയായും ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം, വീണ്ടും പരാജയവും തകർച്ചയും തുടരാം.



- ക്ലാസ് റൂമിൽ നിങ്ങളുടെ സീറ്റ് മാറ്റി മുന്നിലേക്ക് ഇരിക്കുന്നത് കൂടുതൽ ശ്രദ്ധയോടെ പഠിക്കാൻ സഹായിക്കും.



- പഠിക്കുന്ന ആൺസുഹൃത്തുക്കളുമായുള്ള സൗഹൃദം തുടരുന്നത് നല്ലതാണ്.



- 24 മണിക്കൂറിനായുള്ള ഒരു ടൈംടേബിൾ തയാറാക്കി, അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക.

ആവശ്യമില്ലാത്ത Gadgets, Social Media, Mobile എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതില്ല. ഇവയെല്ലാം ലക്ഷ്യത്തിൽ നിന്ന് നിങ്ങളുടെ ശ്രദ്ധ തിരിക്കും. All these things will distract you from your destiny.



കൂടാതെ, നിങ്ങൾ എടുത്ത ഓരോ തീരുമാനത്തിലും ഉറച്ചുനിൽക്കാൻ, എല്ലാ ദിവസവും മുടങ്ങാതെ 15 മിനിറ്റ് പ്രാർത്ഥിക്കുകയും, 15 മിനിറ്റ് വേദപുസ്തകം ധ്യാനിച്ച് ആത്മീയ ശക്തി പ്രാപിക്കുകയും ചെയ്യുക.


യേശുക്രിസ്തു നിങ്ങളെ ശക്തനാക്കിയാൽ മാത്രമേ, നിങ്ങൾക്ക് ഉന്മേഷത്തോടെ ആയിരിക്കാനും തീരുമാനത്തിൽ ഉറച്ചുനിൽക്കാനും സാധിക്കുകയുള്ളൂ.

- ദാനീയേലിന് താൻ എടുത്ത തീരുമാനത്തിൽ ഉറച്ചു നിൽക്കാൻ കർത്താവ് കൃപ നൽകി.

- ദാനീയേലിന് ജയം നൽകി ഉയർത്തിയ കർത്താവ്, നിങ്ങളെയും ഉയർത്തി അനുഗ്രഹിക്കും!

All the Best, Rahul!

പുഞ്ചിരിയിലെ വിഷാദം



ഈ തലക്കെട്ട് കണ്ടപ്പോൾ, "ഇത് നമുക്കുള്ളതാണോ?" എന്ന് നിങ്ങൾ ചിന്തിക്കാറുണ്ടോ? ഇന്നത്തെ യുവതലമുറയിലെ പലരും അവരുടെ മനോവേദനയും വിഷമങ്ങളും പുറത്ത് കാണിക്കാതെ പുഞ്ചിരിയോടെ ജീവിതം നയിക്കുന്നു. ഇതിനെ സാധാരണയായി **Smiling Depression** എന്ന് പറയുന്നു.

Smiling Depression എന്നാൽ എന്താണ്?

പുഞ്ചിരിക്കുന്ന ഒരാൾ പുറമേ സന്തോഷമുള്ളവരായും, സാധാരണക്കാരായും കാണപ്പെടുമെങ്കിലും, ഉള്ളിന്റെയുള്ളിൽ ശൂന്യത, ഭയം, മാനസിക വേദന, നിരാശ തുടങ്ങിയ വികാരങ്ങൾ ചുമന്ന് ജീവിക്കുന്നതിനെയാണ് **Smiling Depression** എന്ന് പറയുന്നത്. തങ്ങളുടെ വേദന ഒളിപ്പിച്ചുവച്ച്, "ഞാൻ സുഖമായിരിക്കുന്നു" എന്ന് കാണിച്ചുകൊണ്ട് പലരും ജീവിച്ചുവരുന്നു.

ഇതിന്റെ കാരണങ്ങൾ:

പലരും തങ്ങളുടെ വൈകാരികത പുറത്തു പ്രകടിപ്പിക്കാതെ ഉള്ളിൽ ഒതുക്കുവാൻ ശീലിച്ചുപോകുന്നു.

- "ഞാൻ ശക്തനായിരിക്കണം."
- "എന്റെ പ്രശ്നങ്ങൾ ആരോടും പറയാൻ പാടില്ല."
- "ഞാൻ മറ്റുള്ളവർക്ക് ഭാരമാകുവാൻ പാടില്ല."
- "ഞാൻ ബലഹീനമായത് മനസ്സിലാക്കുമോ?"
- "മറ്റുള്ളവർ എന്നെ വിധിക്കുമോ?"

കൂടാതെ, കുറ്റബോധം, താൻ ഒന്നിനും കൊള്ളാത്തവനാണെന്ന തോന്നൽ, നിരാശ, ആത്മവിശ്വാസമില്ലായ്മ തുടങ്ങിയ വികാരങ്ങളും വിഷാദം വർദ്ധിപ്പിച്ചേക്കാം.

വികാരങ്ങൾ മറയ്ക്കുന്നു -



കുടുംബ പ്രശ്നങ്ങൾ, അപമാനങ്ങൾ, പരാജയങ്ങൾ അല്ലെങ്കിൽ ദീർഘകാല ബുദ്ധിമുട്ടുകൾ മുഖാന്തരം ഉണ്ടാകുന്ന മനോവേദന പ്രകടിപ്പിക്കാതെ, "എല്ലാം നന്നായിരിക്കുന്നു" എന്ന് അഭിനയിച്ചുകൊണ്ട് ദൈനംദിന ജീവിതം തുടരുന്നതിനെ വികാരങ്ങൾ മറച്ചുവയ്ക്കുക അല്ലെങ്കിൽ **Masking** എന്നു വിളിക്കാം.

"ഞാനും ഇങ്ങനെയാണോ ജീവിക്കുന്നത്? ഇത് മാനസിക സമ്മർദ്ദമാണോ?" എന്ന ചോദ്യം നിങ്ങൾക്കുള്ളിൽ ഉയർന്നേക്കാം.

ഇതിൽ നിന്ന് എങ്ങനെ പുറത്തുകടക്കാം?

1. Acceptance - അംഗീകരിക്കുക

കഴിഞ്ഞകാലത്ത് സംഭവിച്ച കാര്യങ്ങൾ മാറ്റുവാൻ കഴിയില്ല. "എന്തുകൊണ്ടാണ് എനിക്കിത് സംഭവിച്ചത്?" എന്നോർത്ത് നിരന്തരം വിഷമിച്ചിരിക്കാതെ, സംഭവിച്ചതിനെ അംഗീകരിക്കുകയും, അതിൽ നിന്ന് പുറത്തുകടക്കാൻ ശ്രമിക്കുകയും ചെയ്യുക.

2. I'am Okay എന്ന Mask മാറ്റുക

ഉള്ളിൽ വേദന വഹിച്ചുകൊണ്ട് ഒറ്റയ്ക്ക് പോരാടരുത്. നിങ്ങളെ മനസ്സിലാക്കാൻ കഴിയുന്ന വിശ്വസ്തനായ ഒരു സുഹൃത്ത്, മാതാപിതാക്കൾ അല്ലെങ്കിൽ ആത്മീയ വഴികാട്ടിയോട് മനസ്സ് തുറന്ന് സംസാരിക്കുക.

3. Negative Thoughts - മാറ്റുക

ഞാൻ **"Weak"** ആണ്, ഞാൻ **"Worthless"** ആണ് എന്ന് പറഞ്ഞ് നിങ്ങളെത്തന്നെ കുറ്റപ്പെടുത്തരുത്. നിങ്ങളെക്കുറിച്ച് ആരോഗ്യകരവും പ്രത്യാശ നൽകുന്നതുമായ ചിന്തകൾക്ക് സ്ഥാനം നൽകുക.

4. ഒറ്റപ്പെടൽ ഒഴിവാക്കുക

മാനസിക വിഷമം ഉണ്ടാക്കുന്ന ചിന്തകൾ വരുമ്പോൾ ഒറ്റയ്ക്ക് ഇരിക്കുന്നത് ഒഴിവാക്കുക. മാതാപിതാക്കൾ, നല്ല സുഹൃത്തുക്കൾ, ആത്മീയർ എന്നിവരോടൊപ്പം സമയം ചെലവഴിക്കുക.

ഓർക്കുക,

പുഞ്ചിരിക്ക് പിന്നിൽ ഒളിഞ്ഞിരിക്കുന്ന വേദന ആർക്കും അറിയാൻ കഴിഞ്ഞെന്ന് വരില്ല. എന്നാൽ ആ വേദന നിങ്ങൾ ഒറ്റയ്ക്ക് ചുമക്കേണ്ട ആവശ്യമില്ല. മനസ്സ് തുറന്ന് സംസാരിക്കുന്നത് ബലഹീനത അല്ല; സഹായം ചോദിക്കുന്നത് ധീരതയാണ്.

ട്രെയിൽ യാത്ര

ഭക്ഷണസാധനങ്ങളുടെ വിലക്കയറ്റമോ?



വിഘ്നേഷും ആനന്ദും തങ്ങളുടെ ജോലി കഴിഞ്ഞ്, താംബരത്ത് നിന്നും ചെന്നൈയിലേക്ക് പോകുന്ന ട്രെയിൽ വീട്ടിലേക്ക് മടങ്ങുകയായിരുന്നു.



ആനന്ദ്: വളരെ ക്ഷീണമായിരിക്കുന്നു വിഘ്നേഷ് ... ഒരു ചായ കുടിച്ചാലോ?

വിഘ്നേഷ്: ആഹാ ... ഞാനും അത് തന്നെയാണ് ആലോചിച്ചത്.

(അപ്പോൾ "ചായ .. കാപ്പി ... ചൂട് ചായ, കാപ്പി ..." എന്ന് വിളിച്ചുകൊണ്ട് ഒരാൾ ചായ വിൽക്കാനായി വന്നു)

ആനന്ദ്: ചേട്ടാ, രണ്ട് ചായ എത്രയാണ്?

കച്ചവടക്കാരൻ: 30 രൂപ സർ.

വിഘ്നേഷ്: എന്താ ഇത് .... പകൽ കൊള്ളയായിരിക്കുന്നു! ഒരു ചായയ്ക്ക് 10 രൂപയല്ലേ?

കച്ചവടക്കാരൻ: സാർ, നിങ്ങൾ ഏത് കാലത്താണ് ജീവിക്കുന്നത്? എല്ലാ സാധനങ്ങളുടെയും വിലകൂടിയിട്ട് നാളുകൾ ഏറെയായി. വേണമെങ്കിൽ വാങ്ങൂ ... ഇല്ലെങ്കിൽ വിട്ടേക്കൂ. എന്തിനാണ് സാർ സമയം കളയുന്നത്? (എന്ന് പറഞ്ഞുകൊണ്ട്, തന്റെ കഷ്ടപ്പാടുകളും സങ്കടങ്ങളും ചുരുക്കത്തിൽ അവരോട് വിവരിച്ചശേഷം അയാൾ പോയി)

ആനന്ദ്: ശരി ... രണ്ട് ചായ തരൂ.

(രണ്ടുപേരും ചായ വാങ്ങി കുടിച്ചുകൊണ്ടിരിക്കുന്നു)

ആനന്ദ്: വിഘ്നേഷ് ആ കച്ചവടക്കാരൻ പറഞ്ഞത് സത്യമാണ്. അടുത്തിടെ ഞാൻ ഒരു വാർത്ത കണ്ടിരുന്നു. അതിൽ യുദ്ധങ്ങൾ, കാലാവസ്ഥാ വ്യതിയാനം, പ്രത്യേകിച്ച് ആഗോളതാപനം പോലുള്ള കാരണങ്ങളാൽ, ഭക്ഷ്യവസ്തുക്കളുടെ വില കുറച്ച് വർഷങ്ങളായി വർദ്ധിച്ചതായി രേഖപ്പെടുത്തിയിരുന്നു.





വിഘ്നേഷ്: അതെ.. ഞാനും ശ്രദ്ധിച്ചിരുന്നു. സാധാരണയായി എല്ലാ മാസവും വാങ്ങുന്ന അതേ പലചരക്ക് സാധനങ്ങളാണ് ഞങ്ങൾ വാങ്ങുന്നത്. എന്നാൽ പണം അധികമായി ചെലവാകുന്നു!

ആനന്ദ്: അതെ വിഷ്നേഷ്. ഇങ്ങനെയൊക്കെ നടക്കുമെന്ന് യേശുക്രിസ്തു വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

(എന്ന് പറഞ്ഞ്, മത്തായി 24 -ാം അദ്ധ്യായത്തിലെ വചനഭാഗത്തെ കാണിച്ചുകൊടുത്തു)

വിഘ്നേഷ്: അങ്ങനെയാണോ! അപ്പോൾ, ഇതിനുള്ള പരിഹാരം എന്താണ്? ഈ സാഹചര്യം മാറുമോ? അതിനെക്കുറിച്ച് വേദപുസ്തകത്തിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

ആനന്ദ്: അതെ ... ലോകത്ത് ഇതുപോലുള്ള പ്രശ്നങ്ങളും അപകടങ്ങളും ഉണ്ടാകും. പക്ഷേ, യേശുവിനെ വിശ്വസിക്കുന്നവരുടെ ആവശ്യങ്ങൾ, യേശു നിറവേറ്റുമെന്ന് വചനം പറയുന്നു.

വിഘ്നേഷ്, എത്ര വലിയ ആവശ്യം നേരിട്ടാലും, യേശു എന്നെ പരിപാലിക്കും എന്ന വിശ്വാസം നമുക്കുണ്ടാകണം!

ഇതിനെക്കുറിച്ച് ഇനിയും ധാരാളം കാര്യങ്ങളുണ്ട്. ഒരു ദിവസവം ഞാൻ അത് നിനക്ക് വിശദീകരിച്ചു തരാം.

വിഘ്നേഷ്: ശരി ... രസകരമായിരിക്കുന്നു!

(നമുക്ക് പ്രാർത്ഥിക്കാം, കർത്താവ് എങ്ങനെ കൈകാര്യം ചെയ്യുമെന്ന് നോക്കാം എന്ന് വിഘ്നേഷ് തന്റെ ഹൃദയത്തിൽ പറഞ്ഞു.)

ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

Trivandrum

യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

Kochi

Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

Kottayam

2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിരുപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



സഹവർത്തിത്വ സംസ്കാരത്തിന്റെ സ്വാധീനത്തിൽ നിന്ന് യൗവനക്കാർ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കാം

അടുത്ത കാലത്തായി, ബാംഗ്ലൂർ, ഡൽഹി, ഹൈദരാബാദ്, പൂനെ, മുംബൈ തുടങ്ങിയ നഗരങ്ങളിലെ യൗവനക്കാർക്കും പൊതുജനങ്ങൾക്കും മദ്ധ്യത്തിൽ കോ - ലിവിംഗ് താമസ സൗകര്യം ഒരു ചൂടുള്ള വിഷയമായി മാറിയിരിക്കുന്നു. കോ- ലിവിംഗ് സൗകര്യങ്ങൾ അന്വേഷിക്കുന്നവരിൽ 65.7% പേർ ജോലി ചെയ്യുന്നവരും, ശേഷിക്കുന്നത് വിദ്യാർത്ഥികളാണെന്നും സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു.

കുടുംബ മേൽനോട്ടത്തിന്റെയും കർശനമായ നിയമങ്ങളുടെയും അഭാവം നിമിത്തം, ചില യൗവനക്കാർ മയക്കുമരുന്നിന്റെ ഉപയോഗം, മദ്യപാനം, രാത്രി വൈകിയുള്ള പാർട്ടികൾ തുടങ്ങിയ ശീലങ്ങളിലേക്ക് വഴുതിവീഴാനുള്ള സാധ്യതയുണ്ട്.

ഇത്തരം പുതിയ സംസ്കാരങ്ങളുടെ തെറ്റായ സ്വാധീനങ്ങൾ തടയപ്പെടാനും, യൗവനക്കാരുടെ വിശുദ്ധിയെ നശിപ്പിക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ പദ്ധതികൾ പരാജയപ്പെടാനും പ്രാർത്ഥിപ്പിൻ.

ശൈശവ വിവാഹവും, കൗമാര ഗർഭധാരണങ്ങളും തടസ്സപ്പെടുവാനായി പ്രാർത്ഥിക്കാം

2026 ലെ ആദ്യത്തെ ആറ് മാസങ്ങളിൽ, പശ്ചിമബംഗാളിൽ ഏകദേശം 60,000 പെൺകുട്ടികളെ (18 വയസ്സിന് താഴെയുള്ള) പ്രസവത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

മുർഷിദാബാദിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ 15 വയസ്സിന് താഴെയുള്ള 253 പെൺകുട്ടികൾ ഗർഭിണികളായതായും വെളിപ്പെട്ടു.

ഇന്ത്യയിൽ ശൈശവ വിവാഹ നിരക്കിൽ പശ്ചിമ ബംഗാൾ ഒന്നാം സ്ഥാനത്താണ് (36.4%).

ശൈശവ വിവാഹങ്ങളും കൗമാര ഗർഭധാരണങ്ങളും തടയപ്പെടുവാനും ജനങ്ങൾക്കിടയിൽ ഇതിനെക്കുറിച്ച് മതിയായ അവബോധം ഉണ്ടാകുവാനും പ്രാർത്ഥിപ്പിൻ.

രോഗങ്ങളുടെ വ്യാപനം തടപ്പെടാനായി പ്രാർത്ഥിക്കാം

തമിഴ്നാട്ടിൽ അടുത്തിടെയായി ഡങ്കിപ്പനി, **H1N1** പന്നിപ്പനി, വൈറൽ പനി എന്നിവയുടെ കേസുകൾ വർദ്ധിച്ചുവരികയാണ്.

ഓഗസ്റ്റ് അവസാനത്തോടെ, 14,581 പേർക്ക് ഡെങ്കിപ്പനിയും, 1558 പേർക്ക് **H1N1** പന്നിപ്പനിയും ബാധിച്ചിരുന്നു.

സെപ്റ്റംബർ ആദ്യം പെയ്ത മഴയെത്തുടർന്ന്, ചെന്നൈയിൽ ഒരാഴ്ചയ്ക്കുള്ളിൽ 1,900ത്തിലധികം പേർ വൈറസ് പനിയാൽ ബാധിക്കപ്പെട്ടു.

രോഗവ്യാപനം നിയന്ത്രിക്കപ്പെടാനും, രോഗം ബാധിച്ചവർ വേഗത്തിൽ സൗഖ്യം പ്രാപിക്കുവാനും പ്രാർത്ഥിപ്പിൻ.



ദുരന്തങ്ങളിൽ നിന്ന് ജനങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കാം

നേപ്പാൾ - ടിബറ്റ് അതിർത്തിയിലെ ഹിമാനികൾ തകർന്നതിനെത്തുടർന്ന് കോശി നദിയിലുണ്ടായ വൻ വെള്ളപ്പൊക്കത്തിൽ 1,377 പേർ മരിച്ചു. 5,130 ലധികം പേരെ കാണാതായി. 84,270 ലധികം പേർക്ക് ഉപജീവന മാർഗം നഷ്ടപ്പെട്ടു.

നേപ്പാളിലെ വെള്ളപ്പൊക്കത്തിന്റെ ആഘാതം കാരണം, ബീഹാറിലെയും ഉത്തർപ്രദേശിലെയും പല ഭാഗങ്ങളിലും വെള്ളപ്പൊക്കം ഉണ്ടായി.

വീണ്ടും ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാതിരിക്കുവാനും, ഇന്ത്യയിലെ ജനങ്ങൾ വെള്ളപ്പൊക്കത്തിൽ നിന്ന് സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.



പശ്ചിമേഷ്യയിൽ സമാധാനം നിലനിൽക്കുവാനായി പ്രാർത്ഥിക്കാം

പശ്ചിമേഷ്യയിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങൾ കാരണം, അസംസ്കൃത എണ്ണയുടെ വില ബാരലിന് 100 ഡോളർ കടന്ന്, ആഗോളതലത്തിൽ പണപ്പെരുപ്പം വർദ്ധിക്കുമെന്നുള്ള ആശങ്ക പരന്നിട്ടുണ്ട്.

പശ്ചിമേഷ്യയിലെ യുദ്ധഭീതി അകലുന്നതിനും, സമാധാനവും സ്വസ്ഥതയും നിലനിൽക്കുന്നതിനും, ലോക രാജ്യങ്ങൾ സാമ്പത്തിക തകർച്ചയിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതിനും വേണ്ടി പ്രാർത്ഥിപ്പിൻ.



തീപിടുത്തങ്ങളിൽ നിന്ന് ജനങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കാം

കഴിഞ്ഞ സെപ്റ്റംബറിൽ ഫിലിപ്പീൻസിൽ ഒരു ബോട്ടിന് തീപിടിച്ച് അഞ്ച് പേർ മരിക്കുകയും, 86ലധികം പേരെ കാണാതാവുകയും ചെയ്തിരുന്നു.

ആഫ്രിക്കൻ രാജ്യമായ കോംഗോയിൽ രണ്ട് സ്കൂളുകൾക്ക് പെട്ടെന്ന് തീപിടിച്ചതിനെത്തുടർന്നുണ്ടായ തിക്കിലും തിരക്കിലും 20-ലധികം സ്കൂൾ കുട്ടികൾ ദാരുണമായി മരിച്ചു.

മരിച്ച കുട്ടികളുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുവാനും, ഇത്തരം തീപിടുത്തങ്ങൾ വീണ്ടും സംഭവിക്കാതിരിക്കാനും പ്രാർത്ഥിപ്പിൻ.



ഓൺലൈൻ ലൈംഗിക ചൂഷണത്തിൽ നിന്ന് കുഞ്ഞുങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കാം

കഴിഞ്ഞ 10 മാസത്തിനുള്ളിൽ, AI യിലൂടെ സൃഷ്ടിക്കപ്പെട്ട ചൈൽഡ് സെക്ഷ്വൽ അബ്യൂസ് മെറ്റീരിയൽ ഉൾക്കൊള്ളുന്ന 332 പെയ്ഡ് പരസ്യങ്ങൾ ഇൻസ്റ്റാഗ്രാമിൽ കണ്ടെത്തി. ഇതിൽ 274 പരസ്യങ്ങൾ 2026 ഓഗസ്റ്റിൽ പുറത്തുവന്നു. അത്തരം പരസ്യങ്ങൾ ഇന്ത്യയിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

കുഞ്ഞുങ്ങൾ ഓൺലൈൻ ലൈംഗിക ചൂഷണത്തിൽ നിന്ന് സംരക്ഷിക്കപ്പെടാനും, ഇതുപോലുള്ള തെറ്റായ, അപകടകരമായ ഉള്ളടക്കങ്ങൾ ഉടനടി തടയപ്പെടുവാനും പ്രാർത്ഥിപ്പിൻ.



വാർത്തകൾ!

മഞ്ഞിൽ വിരിഞ്ഞ ന്യൂട്രിനോ പ്രകാശം!

ഹാൽസന്റെ സംഭാവനകളും ഐസ്ക്യൂബ് കേന്ദ്രവും ന്യൂട്രിനോ അധിഷ്ഠിത പ്രപഞ്ചപഠനത്തിലെ നിർണായക കാൽവയ്പായി!

പ്രപഞ്ചത്തെ പഠിക്കാൻ ന്യൂട്രിനോകളെ ഉപയോഗിക്കുന്നതിലൂടെ ജ്യോതിശാസ്ത്രമേഖലയ്ക്ക് ഒരു പുതിയ ജാലകം തുറന്നുകൊടുത്തയാളാണ് ഫ്രാൻസിസ് ബാൽസൻ. ന്യൂട്രിനോകൾ ഗണ്യമായ പിണ്ഡമില്ലാത്ത (മാസ്), വൈദ്യുത ചാർജില്ലാത്ത കണികകളാണ്. പ്രപഞ്ചത്തിലെല്ലായിടത്തും ഇവ ഉൽപാദിപ്പിക്കപ്പെടുന്നു.

ന്യൂട്രിനോകൾ 3 വ്യത്യസ്ത തരത്തിലുണ്ട് - ഇലക്ട്രോൺ ന്യൂട്രിനോ, മ്യൂവോൺ ന്യൂട്രിനോ, ടാവു ന്യൂട്രിനോ. ഇവ ദുർബല പ്രതിപ്രവർത്തനങ്ങളിൽ മാത്രമാണ് പങ്കെടുക്കുക. അതിനാൽ കണ്ടെത്തുക വളരെ പ്രയാസമാണ്. പുറത്തു നിന്നുള്ള വൈദ്യുതകാന്തിക സ്വാധീനത്തെയും മറ്റും തടയാനാണ് ന്യൂട്രിനോ പരീക്ഷണശാലകൾ ഭൂമിക്കടിയിൽ സ്ഥാപിക്കുന്നത്.

ഹാൽസന്റെ ഐസ്ക്യൂബ് ഡിറ്റക്ടർ ഭൂമിക്കടിയിലല്ല. ഏകദേശം 1.5 മുതൽ 2.5 കിലോമീറ്റർ വരെ ആഴത്തിൽ ദക്ഷിണ ധ്രുവത്തിലെ മഞ്ഞുപാളിക്കുള്ളിലാണ്. ന്യൂട്രിനോകൾ വളരെ അപൂർവമായ ഡിറ്റക്ടറിലെ പദാർഥവുമായി ബന്ധപ്പെട്ട് വൈദ്യുതചാർജുള്ള കണികൾ സൃഷ്ടിക്കു. ശൂന്യാകാശത്തിലെ പ്രകാശവേഗത്തിന്റെ 76.34 ശതമാനമാണ് ഹിമത്തിലെ പ്രകാശവേഗം. ന്യൂട്രിനോകൾക്ക് വളരെ ഉയർന്ന ഊർജമുണ്ടെങ്കിൽ, അവ സൃഷ്ടിക്കുന്ന ചാർജുള്ള കണികകൾ ഹിമത്തിലെ പ്രകാശവേഗത്തേക്കാൾ വേഗത്തിൽ



സഞ്ചരിക്കാം. അങ്ങനെയൊരു കണിക മഞ്ഞിലൂടെ സഞ്ചരിക്കുമ്പോൾ 'ചെറൻകോവ് ലൈറ്റ്' എന്ന പ്രതിഭാസം ഉണ്ടാകും. നീല അല്ലെങ്കിൽ വയലറ്റ് നിറത്തിലുള്ള പ്രകാശമാണ് ഇത്. ഈ പ്രകാശം കണ്ടെത്താനായി 5000 ഡിറ്റക്ടറുകൾ ഐസ്ക്യൂബ് ന്യൂട്രിനോ നിരീക്ഷണാലയത്തിലുണ്ട്. ഇതിലൂടെ ന്യൂട്രിനോയുടെ ഊർജവും ദിശയും നിർണയിക്കാം.

ന്യൂട്രിനോയുടെ ഊർജം കൂടുന്തോറും ചെറൻകോവ് പ്രകാശം കൂടുതൽ വ്യക്തമാകും. ന്യൂട്രിനോ വന്ന ഉറവിടം കൂടുതൽ കൃത്യമായി തിരിച്ചറിയാൻ കഴിയും. ഐസ്ക്യൂബ് ഡിറ്റക്ടറിനു വളരെ ഉയർന്ന ഊർജമുള്ള ന്യൂട്രിനോകളെ കണ്ടെത്താനുള്ള ശേഷിയുണ്ടെന്നതാണ് ഇതിനെ വ്യത്യസ്തമാക്കുന്ന കാര്യം.

ചെറിയ തുടക്കം ... വലിയ ദർശനം!



ഒരു കർഷക കുടുംബത്തിൽ ജനിച്ചു വളർന്ന് ഇന്ന് ഒരു പ്രധാന സർക്കാർ വകുപ്പിൽ ജോലി ചെയ്യുന്നതിനോടൊപ്പം, ഗ്രാമങ്ങളിലും പട്ടണങ്ങളിലും പോയി യൗവനക്കാരുടെയും കുഞ്ഞുങ്ങളുടെയും മദ്ധ്യത്തിൽ ശുശ്രൂഷ ചെയ്യുന്ന സഹോദരനുമായുള്ള അഭിമുഖം ...



നിങ്ങളുടെ ബാല്യകാലത്തെയും കുടുംബത്തെയും കുറിച്ച് പറയാമോ?

എന്റെ പേര് കിമെൽ. ഞാൻ തിരുനെൽവേലി ജില്ലയിൽ ഒരു കർഷക കുടുംബത്തിൽ മൂത്ത മകനായി ജനിച്ചു. എനിക്ക് രണ്ട് സഹോദരന്മാരുണ്ട്. ഒരു സഹോദരൻ സർക്കാർ പരീക്ഷയ്ക്ക് തയാറെടുക്കുകയാണ്. അടുത്ത സഹോദരൻ ജോലി ചെയ്യുന്നു. ഞങ്ങളുടെ നാട്ടിലെ ഒരു സർക്കാർ സ്കൂളിലാണ് ഞാൻ സ്കൂൾ വിദ്യാഭ്യാസം നടത്തിയത്. തിരുനെൽവേലി ജില്ലയിലാണ് ഞാൻ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. രക്ഷ പ്രാപിക്കാത്ത പരമ്പരാഗത ക്രൈസ്തവ കുടുംബത്തിലാണ് ഞാൻ ജനിച്ചത്.

ഒരു പരമ്പരാഗത ക്രൈസ്തവ കുടുംബത്തിൽ നിന്ന് നിങ്ങൾ എങ്ങനെയാണ് രക്ഷ പ്രാപിച്ചത്?

ലോക്ക്ഡൗൺ സമയത്ത് ഞങ്ങളുടെ പള്ളിയിൽ യൗവനക്കാർ ചേർന്ന് എല്ലാ ദിവസവും ഒരു മണിക്കൂർ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. എന്റെ സുഹൃത്ത് എല്ലാ ദിവസവും ആ പ്രാർത്ഥനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുമായിരുന്നു. "എല്ലാ ദിവസവും പ്രാർത്ഥനയുണ്ട്; നീയും വരൂ" എന്ന് എന്നെയും വിളിക്കുമായിരുന്നു. നിരന്തരം അവൻ എന്നെ വിളിക്കുന്നതുകൊണ്ട്, എന്റെ സുഹൃത്ത് അസ്വസ്ഥനാകാതിരിക്കാൻ ഒരു ദിവസം ഞാൻ ആ പ്രാർത്ഥനയിൽ പങ്കെടുത്തു. 'അടുത്ത ദിവസം പ്രാർത്ഥനയിൽ പങ്കെടുക്കില്ല' എന്ന്

പോകുമ്പോൾ തന്നെ തീരുമാനിച്ചിരുന്നു. പക്ഷേ, ആ ദിവസം അവിടെ പാടിയ പാട്ടിലൂടെയും, പ്രാർത്ഥനയിലൂടെയും വചനത്തിലൂടെയും കർത്താവ് എന്നോട് സംസാരിച്ചു. ആ ദിവസം തന്നെ ഞാൻ കർത്താവിനെ എന്റെ രക്ഷകനായി സ്വീകരിച്ചു. അതിനുശേഷം ഞാൻ എല്ലാ ദിവസവും അവരോടൊപ്പം രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി.



രക്ഷ പ്രാപിച്ചതിനുശേഷം നിങ്ങളുടെ ആത്മീയ ജീവിതത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടായോ?

അതെ. കർത്താവ് എന്നെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരുന്നു. ഉപവാസ പ്രാർത്ഥനയും ദേശത്തിനുവേണ്ടിയുള്ളതുമായ ധാരാളം പ്രാർത്ഥനകൾ ഞാൻ നടത്തുമായിരുന്നു. ഇങ്ങനെ ദേശത്തിനുവേണ്ടി പ്രാർത്ഥിക്കുകയും, ദൈവശുശ്രൂഷ ചെയ്തതും നിമിത്തം കർത്താവ് എന്നെ അനുഗ്രഹിച്ചുയർത്തി.

സൂപ്പർ .... ആത്മീയ ജീവിതത്തിൽ വളർന്ന നിങ്ങൾ കർത്താവിനായി ശുശ്രൂഷ ചെയ്തോ?

തുടർന്നും ഞാൻ കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്യാൻ ആരംഭിച്ചു. ഇപ്പോഴും കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്തുവരുന്നു. കർത്താവ് എനിക്കായി ഒരു വലിയ ദർശനം വച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കി. കർത്താവ് എന്നോട് സംസാരിക്കാൻ തുടങ്ങി. ആ നാളുകളിൽ ഗ്രാമങ്ങളിൽ പോയി ശുശ്രൂഷ ചെയ്യുകയും, യൗവനക്കാരെ സന്ദർശിച്ച് ലഘുലേഖകളിലൂടെ സുവിശേഷം അറിയിക്കുകയും ചെയ്തുവന്നു. ഞങ്ങൾ ഒരു ഗ്രൂപ്പായി കൊച്ചു കുഞ്ഞുങ്ങളുടെ മദ്ധ്യത്തിൽ ശുശ്രൂഷ ചെയ്തുവന്നു.

എല്ലാ ആഴ്ചയും ഓരോ ഗ്രാമങ്ങൾ സന്ദർശിച്ച്, ലഘുലേഖകൾ നൽകി അവിടെ കർത്താവിന്റെ സുവിശേഷം അറിയിക്കുമായിരുന്നു. യേശു വിടുവിക്കുന്നു ശുശ്രൂഷയോട് ചേർന്ന് ഞങ്ങൾ ഗ്രാമങ്ങളിൽ ശുശ്രൂഷ ചെയ്തുപോന്നു. ഇതുപോലെ പല ശുശ്രൂഷകൾ ചെയ്യുവാൻ കർത്താവ് കൃപയും ബലവും നൽകി.

കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്തുവരുന്നു എന്ന് പറഞ്ഞല്ലോ .... നിങ്ങൾ പൂർണ്ണസമയ ശുശ്രൂഷകനാണോ?

ഞാൻ ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്. എന്നാൽ, എനിക്ക് സർക്കാർ ജോലി ലഭിച്ച ശേഷവും, ഒരു കൂട്ടായ്മയോട് ചേർന്ന് കർത്താവിന്റെ വേല ചെയ്തുവരുന്നു. ഞങ്ങളുടെ പ്രദേശത്ത് ഉണർവ് ഉണ്ടാകുമെന്ന് കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. അതുകൊണ്ട്, ഞങ്ങളുടെ താലൂക്കിനെ കേന്ദ്രീകരിച്ച് ഞങ്ങൾ പ്രാർത്ഥിച്ചുവരുന്നു. അതുമാത്രമല്ല, യൗവനക്കാരുടെ മദ്ധ്യത്തിലും ഞങ്ങൾ ശുശ്രൂഷ ചെയ്തുവരുന്നു.

ശരി ... നിങ്ങൾ സർക്കാർ ജോലിയിലാണ് എന്നു പറഞ്ഞു ... ഈ ചെറിയ പ്രായത്തിൽ സർക്കാർ ജോലി എങ്ങനെയാണ് ലഭിച്ചത്?



ഞാൻ ബി.കോം പൂർത്തിയാക്കിയ ശേഷം 'അടുത്തതായി ഞാൻ എന്താണ് ചെയ്യേണ്ടത്?' എന്ന് പ്രാർത്ഥിച്ചപ്പോൾ, "നീ സർക്കാർ പരീക്ഷകൾക്കായി തയാറെടുക്കണം, ഞാൻ നിനക്ക് ജോലി നൽകും" എന്ന് കർത്താവ്എന്നോട് വ്യക്തമായി



സംസാരിച്ചു. ഞാൻ സർക്കാർ പരീക്ഷയ്ക്ക് തയാറെടുക്കാൻ തുടങ്ങി. മൂന്ന് വർഷത്തോളം സർക്കാർ പരീക്ഷയ്ക്കായുള്ള ഒരു യാത്രയായിരുന്നു. ഞാൻ കർത്താവിന്റെ സന്നിധിയിൽ ഇരുന്ന് പ്രാർത്ഥിച്ചു. യേശുക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ചു. ഞാൻ എനിക്ക് കഴിയുന്ന വിധം പരമാവധി പരിശ്രമിച്ച് പഠിച്ച് പരീക്ഷ എഴുതി. ഏതാനും മാസങ്ങൾക്ക്ശേഷം റിസൾട്ട് വന്നപ്പോൾ, കർത്താവിന്റെ കൃപയാൽ ഞാൻ പാസ്സായി. കർത്താവ് എന്നെ ജോലിയിൽ ഉയർത്തി വച്ചു. എന്റെ ശക്തികൊണ്ടോ ജ്ഞാനംകൊണ്ടോ അല്ല , കർത്താവിന്റെ കൃപയാൽ മാത്രമാണ് ഈ ജോലി ലഭിച്ചത്.

എങ്ങനെയാണ് നിങ്ങൾ ഈ അനുഗ്രഹവും നന്മയും സമാധാനവും പ്രാപിച്ചത്?

നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" എന്ന് കർത്താവ് അരുളിച്ചെയ്ത ആ വചനം എന്നെ സ്പർശിച്ചതിനാൽ, ഓരോ ഗ്രാമങ്ങളിലും പട്ടണങ്ങളിലും പോയി ഞാൻ ആയിരക്കണക്കിന് ലഘുലേഖകൾ വിതരണം ചെയ്തു. ഇങ്ങനെ കർത്താവിന് പ്രിയമുള്ളത് ചെയ്തും, കർത്താവിന്റെ വേല ചെയ്തതുകൊണ്ടും, വളരെ ചുരുങ്ങിയ കാലയളവിൽ തന്നെ കർത്താവ് എന്നെ അനുഗ്രഹിച്ചു. നിങ്ങളും കർത്താവ് പ്രതീക്ഷിക്കുന്നതുപോലെ ശുശ്രൂഷ ചെയ്യുവിൻ. കർത്താവ് നിങ്ങൾക്കും വളരെ പെട്ടെന്ന് ഈ നന്മകൾ നൽകി അനുഗ്രഹിക്കും.



യൗവനക്കാരോട് എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?

യെരൂശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവച്ച് ചുട്ടും കിടക്കുന്നു എന്നറിഞ്ഞ്, നെഹെമ്യാവ് മതിൽ പണിയുവാൻ എഴുന്നേറ്റതുപോലെ, നമ്മളും തകർന്നു കിടക്കുന്ന പട്ടണങ്ങളെയും ഗ്രാമങ്ങളെയും കെട്ടിപ്പടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, യൗവനക്കാരായ നാം ഒന്നിച്ച് ചേർന്ന് പ്രവർത്തിച്ചാൽ വളരെ പെട്ടെന്ന് നമ്മുടെ ദേശത്തെ പണിതെടുക്കാൻ സാധിക്കും.

പ്രിയപ്പെട്ട യൗവനക്കാരേ!

ഒരു കർഷക കുടുംബത്തിൽ ജനിച്ച സഹോദരൻ കിമെലിന് ചെറുപ്പത്തിൽ തന്നെ സർക്കാർ ജോലി ലഭിച്ചു. ഇന്ന് ഉയർന്ന സർക്കാർ ഉദ്യോഗസ്ഥരുടെ മദ്ധ്യത്തിൽ അദ്ദേഹത്തെ ഉയർത്തി നിർത്തിയതിന് കാരണം, അദ്ദേഹത്തിന്റെ പ്രാർത്ഥനയും, വിശ്വാസവും, കഠിനാധ്വാനവും കർത്താവിനുവേണ്ടി ചെയ്ത ശുശ്രൂഷയുമാണ്. നിങ്ങളും കർത്താവിനായി വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്യുമ്പോൾ, കർത്താവ് നിങ്ങളെയും ഉയർത്തി അനുഗ്രഹിക്കും!



എഴുന്നേറ്റ് പണിതവർ

1. നെഹെമ്യാവ് - പ്രശ്നം കണ്ട് എഴുന്നേറ്റവൻ

യെരൂശലേമിന്റെ അവസ്ഥ കേട്ടപ്പോൾ നെഹെമ്യാവ് ദുഃഖിച്ച് കരഞ്ഞു ഉപവസിച്ച് പ്രാർത്ഥിച്ചു. അതിനുശേഷം പ്രവർത്തിക്കാൻ തുടങ്ങി (നെഹെ. 2:18).

> യുവാവേ, പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുന്നവൻ മാത്രമായിരിക്കരുത്. പരിഹാരത്തിനായി നിലകൊള്ളുന്നവനായിരിക്കുവിൻ.

2. യെരൂശലേമിലെ ജനങ്ങൾ - നമുക്ക് എഴുന്നേറ്റ് പണിയാം എന്ന് പറഞ്ഞവർ

നെഹെമ്യാവ് ഒറ്റയ്ക്കല്ല എല്ലാം ചെയ്തത് (നെഹെ. 2:18)

യെരൂശലേമിലെ ജനങ്ങൾ നമുക്ക് എഴുന്നേറ്റ് പണിയാം എന്ന് പറഞ്ഞ്, ആ നല്ല പ്രവൃത്തിക്കായി തങ്ങളുടെ കൈകളെ ശക്തീകരിച്ചു. ഒരാൾ ആരംഭിച്ച പ്രവൃത്തിയിൽ മറ്റുള്ളവരും പങ്കുചേർന്നു.

> യുവാവേ, വലിയൊരു മാറ്റം കൊണ്ടുവരാൻ നീ ഒറ്റയ്ക്ക് നിൽക്കേണ്ടതില്ല. ശരിയായ വ്യക്തികളോടൊപ്പം ചേർന്ന് പണിയാം.

3. വ്യത്യസ്തരായ മനുഷ്യർ - ഒരേ ലക്ഷ്യത്തിനായി പണിതവർ

നെഹെമ്യാവ് 3-ാം അധ്യായത്തിൽ പുരോഹിതന്മാർ, സ്വർണ്ണപ്പണിക്കാർ, വ്യാപാരികൾ എന്നിങ്ങനെ വ്യത്യസ്തരായ മനുഷ്യർ മതിൽ പണിതു. അവരുടെ തൊഴിൽ വ്യത്യസ്തമായിരുന്നു എന്നാൽ ലക്ഷ്യം ഒന്നായിരുന്നു.

> യുവാവേ, എല്ലാവരുമായി ചേർന്ന് ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോൾ, നിനക്കും ആ ലക്ഷ്യം നിറവേറ്റുവാൻ സാധിക്കും.

പണിയുന്നതിന് തടസ്സമായി നിന്നവർ

1, സൻബല്ലത്ത് - പരിഹസിച്ചവൻ

നെഹെമ്യാവ് മതിൽ പണിയാൻ തുടങ്ങിയപ്പോൾ സൻബല്ലത്ത് പരിഹസിച്ചു (നെഹെ. 4:1-2). നീ എഴുന്നേറ്റു പണിയുമ്പോൾ എല്ലാവരും നിന്നെ പ്രശംസിച്ചുകൊള്ളണമെന്നില്ല.

> "യുവാവേ, നിനക്ക് സാധിക്കുമോ? ഇതെല്ലാം എന്തിനാണ്? നീ ആരാണ്?" എന്ന് ചോദിക്കുന്നവർ ഉണ്ടാകും. അത്തരം പരിഹാസങ്ങൾ കേട്ട് മതിൽ പണിയുന്നത് നിർത്തരുത്!

2. തോബിയാവ് - നിസ്സാരവൽക്കരിച്ചവൻ

"അവർ എങ്ങനെ പണിതാലും ഒരു കുറുക്കൻ കയറിയാൽ അവരുടെ കന്മതിൽ ഉരുണ്ടുവീഴും" (നെഹെ. 4:3) എന്ന് പറഞ്ഞുകൊണ്ട് അവർ ചെയ്ത വേലയെ അവൻ ചെറുതാക്കിക്കാണിച്ചു.

> യുവാവേ, നിന്റെ സ്വപ്നങ്ങളെയും ലക്ഷ്യങ്ങളെയും ചെറുതായി കാണാൻ പറയുന്ന ശബ്ദങ്ങളെ ഒന്നും നീ വിശ്വസിക്കരുത്.

3. ശെമയ്യാവ് - തെറ്റായ ആലോചന കൊടുത്തവൻ

നെഹെമ്യാവിനെ ഭയപ്പെടുത്തി, ദൈവത്തിന്റെ ആലയത്തിനുള്ളിലേക്ക് ഓടിപ്പോകാൻ അവൻ ആവശ്യപ്പെട്ടു. എന്നാൽ നെഹെമ്യാവ് അത് സ്വീകരിച്ചില്ല (നെഹെ. 6:10-13).

> യുവാവേ, എല്ലാ ആലോചനകളും കണ്ണടച്ച് സ്വീകരിക്കരുത്. ആരാണ് പറയുന്നത് എന്നതിനേക്കാൾ, അത് ദൈവത്തിന്റെ വചനത്തിന് അനുയോജ്യമാണോ എന്ന് നോക്കുക.

വരുവിൻ നമുക്ക് യെരൂശലേമിന്റെ മതിൽ പണിയാം - നെഹെമ്യാവ് 2:17.